നമ്പർ.സി.ജനറൽ(1)/45922/1/2009/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം
തീയതി : 26.11.2009

# വിജ്ഞാപനം

**വിഷയം : പത്താംതരം തുല്യതാ "എ" ലെവൽ സേവ് എ ഇയർ (SAY) പരീക്ഷ 2010 ജനുവരി - നടത്തിപ്പ് സംബന്ധിച്ച്.**

**സൂചന : സർക്കാർ ഉത്തരവ് (സാധാ) നം.4601/2009/പൊ.വി.വ തീയതി. 16.11.2009.**

2009 ആഗസ്റ്റിലെ പത്താംതരം തുല്യതാ 'എ ലെവൽ' പരീക്ഷ എഴുതി ഉന്നത പഠനത്തിന് അവശ്യം വേണ്ട മിനിമം മാർക്കിന് അർഹത ലഭിക്കാതെ പോയവർക്കായി സേവ് എ ഇയർ (സേ-SAY) പരീക്ഷ നടത്തുന്നതാണ്. 2010 ജനുവരി 11-ന് തുടങ്ങി 14-ന് അവസാനിക്കുന്ന വിധത്തിൽ സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളിലെ 14 തിരഞ്ഞെടുക്കപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിലാണ് 'സേ' പരീക്ഷ നടത്തുന്നത്.

## I. 'സേ' പരീക്ഷയ്ക്ക് ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ

i) 2009 ആഗസ്റ്റ് മാസത്തിൽ നടത്തിയ പത്താംതരം തുല്യതാ 'എ ലെവൽ' പരീക്ഷ റെഗുലറായി എഴുതി പരാജയപ്പെട്ടവർക്ക് മാത്രമേ 'സേ' പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ii) മേൽ പറഞ്ഞ പരീക്ഷയിൽ ഏതെങ്കിലും രണ്ടു വിഷയങ്ങൾക്ക് മാത്രം മിനിമം മാർക്ക് ലഭിക്കാത്ത കാരണത്താൽ തോറ്റ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമേ സേ പരീക്ഷയ്ക്ക് അപേക്ഷിക്കാൻ കഴികയുള്ളൂ.

iii) കൂടാതെ പ്രസ്തുത പത്താംതരം തുല്യതാ എ ലെവൽ പരീക്ഷയിൽ ഏതെങ്കിലും രണ്ടു വിഷയങ്ങൾക്കുമാത്രം സാങ്കേതിക കാരണങ്ങളാൽ (അസുഖം, അപകടം, മുതലായവ) പരീക്ഷ എഴുതുവാൻ സാധിക്കാതെ വന്ന റഗുലർ പരീക്ഷാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.

iv) 2009 ആഗസ്റ്റ് മാസത്തിൽ നടത്തിയ പത്താം തരം തുല്യതാ പരീക്ഷയ്ക്ക് ലഭിച്ച സർട്ടിഫിക്കറ്റ് 'സേ' പരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

v) വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ മാത്രമാണ് 'സേ' പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത്.

## II. പത്താംതരം തുല്യതാ എ ലെവൽ സേ പരീക്ഷ ജനുവരി 2010 സമയവിവരപ്പട്ടിക

| തീയതി | സമയം | വിഷയം |
|---|---|---|
| 11.01.2010 തിങ്കൾ | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് I മലയാളം |
| | 1.45 PM മുതൽ 5.00 PM വരെ | പാർട്ട് I ഇംഗ്ലീഷ് |
| 12.01.2010 ചൊവ്വ | 9.45 AM മുതൽ 11.30 AM വരെ | പാർട്ട് I ഹിന്ദി |
| | 1.45 PM മുതൽ 5.00 PM വരെ | പാർട്ട് II സാമൂഹ്യശാസ്ത്രം (ചരിത്രം, പൗരത്വം, ഭൂമിശാസ്ത്രം) |
| 13.01.2010 ബുധൻ | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് II ജനറൽ സയൻസ് (ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) |
| | 1.45 PM മുതൽ 3.30 PM വരെ | പാർട്ട് III ഇൻഫർമേഷൻ ടെക്നോളജി |
| 14.01.2010 വ്യാഴം | 9.45 AM മുതൽ 1.00 PM വരെ | പാർട്ട് II ഗണിതം |

## III. (a) പരീക്ഷാ ഫീസ്

i) ഒരു വിഷയം മാത്രം - 50 രൂപ

ii) രണ്ടു വിഷയങ്ങൾക്കും കൂടി - 100 രൂപ

iii) ഫീസ് പരീക്ഷാകേന്ദ്രങ്ങളിൽ ഒടുക്കേണ്ട തീയതി 07.12.2009 മുതൽ 11.12.2009 വരെ.

അപേക്ഷയോടൊപ്പം ഫീസും 2009 ആഗസ്റ്റിലെ സർട്ടിഫിക്കറ്റും സഹിതം പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ ഒരു സാഹചര്യത്തിലും പരീക്ഷാ ഫീസോ അപേക്ഷയോ നേരിട്ട് പരീക്ഷാഭവനിലേക്ക് അയയ്ക്കരുത്.

ഫീസ് സ്വീകരിക്കുന്ന അവസാന തീയതിയായ 11.12.2009-ന് ശേഷം അപേക്ഷയോ ഫീസോ ചീഫ് സൂപ്രണ്ടുമാർ യാതൊരു കാരണവശാലും സ്വീകരിക്കാൻ പാടില്ല. പരീക്ഷാഫീസ് ഇനത്തിൽ ലഭിക്കുന്ന തുക 12.12.2009-ന് തന്നെ 'സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി തിരുവനന്തപുരത്ത് മാറത്തക്കവിധത്തിൽ എടുത്ത് അയയ്ക്കേണ്ടതാണ്.

## IV. ഹാൾടിക്കറ്റ്

08.01.2010-ന് മുൻപായി ഹാൾടിക്കറ്റുകൾ അതാതു സെന്ററുകളിലെ ചീഫ്സൂപ്രണ്ടുമാർ മുഖേന വിതരണം ചെയ്യുന്നതാണ്.

## V. സർട്ടിഫിക്കറ്റ്

സേ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികൾക്ക് ആഗസ്റ്റ് 2009-ലെ സർട്ടിഫിക്കറ്റിനുപകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ചീഫ് സൂപ്രണ്ടുമാർ സേ പരീക്ഷ എഴുതിയവർക്ക് പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപായി അവരുടെ

കൈവശമുള്ള 2009 ആഗസ്റ്റിലെ സർട്ടിഫിക്കറ്റ് തിരികെ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത് ഏ ലിസ്റ്റിനോടൊപ്പം പരീക്ഷാഭവനിലേയ്ക്ക് അയച്ചുതരണ്ടേതുമാണ്. ചീഫ് സൂപ്രണ്ടുമാർ സേ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ, ഇവരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ, പരീക്ഷാർത്ഥികൾക്ക് പുതുതായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സീരിയൽ നമ്പർ എന്നീ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ സെന്ററിൽ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു കോപ്പി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

## VI. <u>പുനർമൂല്യ നിർണ്ണയം</u>

സേ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.

## VII. <u>ചീഫ് സൂപ്രണ്ടുമാർക്കുള്ള നിർദ്ദേശങ്ങൾ</u>

അതാതു സ്കൂളിലെ പ്രഥമാദ്ധ്യാപകർ തന്നെയായിരിക്കും ’സേ’പരീക്ഷയുടെ ചീഫ്സൂപ്രണ്ടുമാർ. ചീഫ്സൂപ്രണ്ടുമാർ പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ നിശ്ചിത ഫീസിനോടൊപ്പം സ്വീകരിക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് എഴുതുന്ന വിഷയങ്ങൾ ശരിയെന്നു ബോദ്ധ്യപ്പെടുകയും അസ്സൽ സർട്ടിഫിക്കറ്റ് കാര്യാലയത്തിൽ സൂക്ഷിക്കുകയും വേണം. ഫീസ് സ്വീകരിക്കുന്ന അവസാനതീയതിയായ 11.12.2009-ന് ശേഷം ‘എ’ ലിസ്റ്റും ബി ലിസ്റ്റും അപേക്ഷകളും അസ്സൽ സർട്ടിഫിക്കറ്റുകളും ചോദ്യപേപ്പർ സ്റ്റേറ്റുമെന്റും ഡിമാന്റ് ഡ്രാഫ്റ്റും ഒന്നിച്ച് 17.12.2009 ബുധനാഴ്ച തന്നെ പരീക്ഷാഭവനിൽ നിന്നും എത്തുന്ന ജീവനക്കാർ വശം നേരിട്ട് ഏൽപിക്കേണ്ടതാണ്. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ബാധകമായ എല്ലാ നിബന്ധനകളും പരീക്ഷ നടത്തുന്ന കാര്യത്തിൽ പത്താംതരം തുല്യതാ സേ പരീക്ഷയ്ക്കും ബാധകമാണ്. അതനുസ്സരിച്ചുള്ള എല്ലാ ക്രമീകരണവും ചീഫ്സൂപ്രണ്ട് നടത്തേണ്ടതാണ്.

(ഒപ്പ്)
**എ.പി.എം. മുഹമ്മദ് ഹനീഷ്, ഐ.എ.എസ്**
**പരീക്ഷാ കമ്മീഷണർ**

**/അംഗീകാരത്തോടെ/**

**സെക്രട്ടറി**
**ജോൺസ് വി. ജോൺ**

To

എല്ലാ കേന്ദ്രങ്ങളിലെയും ചീഫ് സൂപ്രണ്ടുമാർക്ക്/പ്രഥമാദ്ധ്യാപകർക്ക്

പകർപ്പ്

1. എല്ലാ പരീക്ഷാ കേന്ദ്രങ്ങളും
2. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. ഡയറക്ടർ, സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
5. ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർ, സാക്ഷരതാ സമിതി
6. എ സെക്ഷൻ
7. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
8. ജോയിന്റ് കമ്മീഷണറുടെ സി.എ
9. സെക്രട്ടറിയുടെ പി.എ
10. സിസ്റ്റം മാനേജർ
11. സൂക്ഷിപ്പ് ഫയൽ

# ANNEXURE - A

## APPLICATION FOR APPEARING FOR 10TH STANDARD EQUIVALENCY A LEVEL 'SAY' EXAMINATION JANUARY 2010

1. Name of the Examination Centre :
   with Centre No. :
2. a) Name of the Candidate :
   b) Date of Birth
3. Name of Guardian :
4. Full Postal Address :
   (with Pincode)
5. Subjects to be written in the Examination :

| Sl. No. | Name of the Subject | Marks secured in 10th Standard Equivalency A Level Examination August 2009 |
|---|---|---|
| 1. | | |
| 2. | | |

6. Name & No. of Centre in which the Examination of August 2009 was written :
7. Register No. allotted the candidate for the Examination, August 2009 :

I do hereby declare that the details furnished above are true to my knowledge.

Place : Signature of Applicant
Date :

---

## To be filled up by Chief Superintendent

8. Date of receipt of application
9. Name, Designation and Signature of the verifying Officer :

I do hereby declare that the above furnished details are found correct on verification of original certificates.

Place : Signature of the Chief Superintendent
Date : (with Name Seal)

# അനുബന്ധം - ബി

## പത്താംതരം തുല്യതാ എ ലെവൽ 'സേ' പരീക്ഷ ജനുവരി 2010

## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/ഹൈസ്ക്കൂളിലേയും ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർ/ എം.പി.മാർ /എം.എൽ.എ.മാർ/അസിസ്റ്റന്റ് എഡ്യുക്കേഷണൽ ആഫീസർമാർ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്.)

പരീക്ഷാർത്ഥിയുടെ പേര് :

ജനനത്തീയതി :

പൂർണ്ണമായ മേൽവിലാസം

സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ

പേരും ഉദ്യോഗപ്പേരും വിലാസവും :

ഫോട്ടോ

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാണ്.

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (ഫോട്ടോയുടെ പുറത്ത് ഇടേണ്ടതാണ്). റബ്ബർ സ്റ്റാമ്പ് ഫോട്ടോയിൽ പതിക്കുവാൻ പാടില്ല).

---

## പത്താം തരം തുല്യതാ 'എ ലെവൽ സേ' പരീക്ഷ ജനുവരി 2010

### പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ്

രജിസ്റ്റർ നമ്പർ

പരീക്ഷാകേന്ദ്രത്തിന്റെ പേരും സെന്റർ നമ്പരും :

പരീക്ഷാർത്ഥിയുടെ പേര് :

പൂർണ്ണമായ മേൽവിലാസം :

ഫോട്ടോ

എഴുതുന്ന വിഷയങ്ങളുടെ പേര് 1. :
2. :

പരീക്ഷാർത്ഥിയുടെ ഒപ്പ്
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാണ്).

തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് (ഫോട്ടോയുടെ പുറത്ത് ഇടേണ്ടതാണ്). റബ്ബർ സ്റ്റാമ്പ് ഫോട്ടോയിൽ പതിക്കുവാൻ പാടില്ല).

ആഫീസ് മുദ്ര

പേരും ഔദ്യോഗിക പദവിയും

പത്താം തരം തുല്യതാ 'എ ലെവൽ സേ' പരീക്ഷ ജനുവരി 2010-ലെ പരീക്ഷാർത്ഥിയായ ശ്രീ/ശ്രീമതി. . . . . . . . . . . . .. . . . . . . . . .. .. . . . . യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തുന്നു..

ആഫീസ് മുദ്ര

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും
ഒപ്പും ഒദ്യോഗിക പദവിയും

**Selected Centres of 10th A Level Equivalency 'SAY' Examination January 2010**

| Sl. No. | School Code | Examination Centres |
|---|---|---|
| 1. | 11006 | Govt. VHSS for Girls Kasaragod, Kasaragod – 671 121. Phone No. 04994- 230368 |
| 2. | 13008 | Govt. Town HSS Kannur, Kannur H P.O., Pin – 670 001. Phone No.0497-2765764 |
| 3. | 17001 | Govt. Ganapath HS for Boys Kozhikode, Chalappuram. P.O., Calicut – 673 002. Phone No.0495-2302972 |
| 4. | 15053 | Govt. Sarvajana HSS Sulthan Bathery, Sulthan Bathery. P.O., Pin – 673 592. Phone No.0936-220109 |
| 5. | 18012 | Govt. HSS for Girls Malappuram, Malappuram Downhill. P.O., Pin – 676 519. Phone 0483-2738115 |
| 6. | 21055 | PMG HSS Palakkad, College. P.O., Pin – 678 001. Phone No.0491-2539846 |
| 7. | 22055 | Govt. VHSS for Girls Thrissur, Thrissur City. P.O., Pin – 680 020. Phone No. 0487-2331163 |
| 8. | 26035 | Govt. HSS for Girls Ernakulam, MG Road. P.O., Pin – 680 216. Phone No. 0484-2376078 |
| 9. | 29015 | Govt. VHSS Vazhathope, Idukki Colony. P.O., Vazhothoppe, Pin – 685 602. Phone 0486-2235377 |
| 10. | 33042 | MTS HSS Kottayam, Kottayam. P.O., Pin – 686 001. Phone No. 0481-2563922 |
| 11. | 35014 | Govt. HS for Girls Alappuzha, Iron Bridge. P.O., Pin – 688 011. Phone No.0477-2260391. |
| 12. | 38057 | Catholicate HSS Pathanamthitta, Pathanamthitta. P.O., Phone No. 0468-2326007 |
| 13. | 41056 | Govt. Model Boys HSS Kollam, Thevally. P.O., Pin – 692 009. Phone No. 0474-2794892 |
| 14. | 43083 | SMV Model HSS Thiruvananthapuram, Pin – 695 023. Phone No.0471-2474418 |